**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8078 — 24.07.2012-ൽ മറുപടിയ്ക്ക്

**വ്യാവസായിക അസംസ്കൃത വസ്തുക്കൾക്കായി വന ഭൂമി ഉപയോഗം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് :<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ:<br>ശ്രീ. പി.ബി. അബ്ദുൾ റസാക്:<br>ശ്രീ. കെ.എൻ.എ. ഖാദർ: | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വ്യാവസായിക അസംസ്കൃത വസ്തുക്കൾക്കു വേണ്ടി വന ഭൂമി ഉപയോഗപ്പെടുത്തുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഏതൊക്കെ ഇനം മരങ്ങളാണ് ഇതിനായി നട്ടു പിടിപ്പിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) വ്യാവസായിക അസംസ്കൃത വസ്തുക്കൾക്കു വേണ്ടി അക്കേഷ്യാ ഓറിക്കുലോഫോർമിസ്/ മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നീ ഇനം മരങ്ങൾ നട്ടുപിടിപ്പിക്കാറുണ്ട്. |
| (സി) അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തുന്ന വ്യവസായങ്ങൾ ഏതൊക്കെയാണ്; അവ ഓരോന്നും പ്രതിവർഷം വനം വകുപ്പിനോട് ആവശ്യപ്പെടുന്ന അസംസ്കൃത വസ്തുക്കളുടെ അളവ് സംബന്ധിച്ച വിശദവിവരം നൽകാമോ? | (സി) മെ.ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്, വെസ്റ്റേൺ ഇൻഡ്യാ പ്ളൈവുഡ്, കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ എന്നിവയാണ് അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തുന്ന പ്രധാന വ്യവസായങ്ങൾ. മെ.ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് 1.5 ലക്ഷം മെ.ടൺ പൾപ്പ്വുഡും 75,000 മെ.ടൺ ഈറ്റയും 75,000 മെ.ടൺ മുളയും, വെസ്റ്റേൺ ഇൻഡ്യാ പ്ളൈവുഡ് 50,000 മെ.ടൺ പൾപ്പ്വുഡും, കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ 30,000 മെ.ടൺ ഈറ്റയും പ്രതിവർഷം ആവശ്യപ്പെടുന്നുണ്ട്. ലഭ്യത അനുസരിച്ച് ആയത് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ